# അദ്ധ്യായം ഇരുപത്തിയൊൻപതു്.

പുനലൂരാൻ ഒരു സംശയദൃഷ്ടിയോടു് ബാബുവിനു് സമീപിച്ചു ആശയറ്റവനെ നേരിടുന്നതു് സൂക്ഷിച്ചുവേണമല്ലോ.

സംഗതി വഷളാകുമെന്ന് മണത്തറിഞ്ഞ ടൈറ്റസ് ബാബുവിനോടായി പറഞ്ഞു

'എടാ വണ്ടിയെടുക്കു്'

ആ ശബ്ദം കേട്ട മോളി ചാടിവീണു. 'നിങ്ങളെവിടേയ്ക്കാ മനുഷ്യാ പോകുന്നതു്? എങ്ങും പോകെണ്ടാ. എല്ലാം മനസിലായി. ഒരു നിമിഷം പോലും ഇവിടെ നിൽക്കാൻ ഞാനില്ല.'

അഭിമാനക്ഷതമേറ്റവനേപ്പോലെ മാത്രമേ ടൈറ്റസിനു സംസാരിപ്പാൻ കഴിഞ്ഞുള്ളു. അൽപം കൂടി താണുകൊടുക്കുന്നതു് സന്ദർഭോചിതമെന്നു തോന്നി.

'എല്ലാം പായ്ക്ക് ചെയ്തോ . നാളെത്തന്നേ പോയേക്കാം.'

'മൂം' മോളിയുടെ മൂളലിൽ എന്തൊക്കെയോ നിശ്ചയിച്ചുറച്ചതു പോലെ തോന്നി. അന്തസില്ലാത്ത കുടുബത്തിൽ നിന്നും ബന്ധുത ചേർന്നതു പോലെയൊരു നീരസം.

എല്ലാം മനസിലൊതുക്കി അയാൾ കാറിൻെറ ബാക്സീറ്റിൽ മലർന്നു കിടന്നു. ബാബു എന്തൊക്കെയോ പുലമ്പുന്നു.

'ഇവിടെ സൂര്യൻ അസ്തമിക്കുന്നില്ല ടൈറ്റസ് സാറേ. ഭൂമി കറങ്ങുന്നതേയുള്ളു. സൂര്യൻെറ പിറകിൽ നിൽക്കാൻ കഴിയാത്ത ജന്തുക്കൾക്ക് ഇരുട്ട് അനുഭവപ്പെടുകയാണു്.'

എല്ലാം ബഹുവിധമുനകൾ ഉള്ള വാചകങ്ങൾ. മഞ്ഞളിച്ച പ്രകൃതിയുടെ മുഖത്തേക്ക് അയാൾ കാർക്കിച്ചുതുപ്പി. ആ തുപ്പലിൽനിന്നും കൃമികൾ നുരഞ്ഞുപൊങ്ങി. കറുത്ത തലയും വെളുത്ത ഉടലുമുള്ള കൃമികൾ. കൃമിയും പുഴുവും അരിക്കുന്ന ഒരു സംസ്കാരത്തിൻെറ ശവശരീരം കൺമുൻപിൽ അനാഥമായിക്കിടക്കുന്നു.

പ്രകൃതി ചിരിച്ചു. ആ ചിരി അട്ടഹാസമായി കാറ്റിൻ ചിറകിൽ സഞ്ചരിച്ചു. മലകളിൽ തട്ടി അതു പ്രതിധ്വനിച്ചു.

ആ ധ്വനിയിൽ പുനലൂരാൻ തൻെറ ഭൂതകാലത്തിലേയ്ക്ക് നിമിഷങ്ങളിലൂടെ കടന്നുപോയി. എന്തൊക്കെയോ ഒരു ശ്വാസം മുട്ടൽപോലെ. നാവു വരളുന്നതുപോലെയും, ചുണ്ടു വിറയ്ക്കുന്നതു പോലെയും ഒരു തോന്നൽ. റാഹേലമ്മയെ വിളിക്കാൻ നാവെടുത്തു. പക്ഷേ ശബ്ദം പുറത്തുവന്നില്ല. ശരീരം വിയർത്തു. ശരീരമാകെ തളരുന്നതുപോലെ. കണ്ണിൽ ഇരുട്ട് കയറി. ആ ഇരുട്ടിനപ്പുറം ഒരു വലിയ പ്രകാശം. അവിടെയതാ തൻെറ ഭവനം. ഇരുമ്പുഗയിറ്റുകൾ തമ്മിൽ ചേർത്തടച്ച് അതിന്മേൽ ഒരു വലിയ താഴ് ഇട്ട് പൂട്ടിയിരിക്കുന്നു. വലുതും നല്ലതുമായ ആ ഭവനം ആൾപ്പാർപ്പില്ലാതെ ശൂന്യമായിക്കിടക്കുന്നു.

'മൂഢാ ഈ രാത്രിയിൽ നിൻെറ ആത്മാവിനെ ചോദിച്ചാൽ നീ ഈ കരുതി വച്ചതെല്ലാം ആർക്കാകും'എന്നൊരു അശരീരിയും കേട്ടു. പിന്നീടൊന്നും സംഭവിച്ചില്ല.

സംഭവിച്ചതൊട്ട് പുനലൂരാൻ അറിഞ്ഞതുമില്ല. മെല്ല് ഉയരുകയായിരുന്നു. ഭീതിപ്പെടുത്തുന്ന കാഴ്ചകൾ തന്നെ വലയം ചെയ്തിരിക്കുന്നു. ഭയാനകമായ അലർച്ചകൾ കാതിനു കഠോരങ്ങളായി. താൻ ആരുടെയൊക്കെയോ കൈകളിൽ അമ്മാനമാടപ്പെടുന്നു. തന്നെപ്പറ്റി ആരൊക്കെയോ തർക്കിച്ച് വാദിക്കുന്നു. പെട്ടെന്നാണത് സംഭവിച്ചത്. താൻ അഗാധത്തിൻെറ ഗർത്തത്തിലേയ്ക്ക് കൈവിടപ്പെട്ടിരിക്കുന്നു. ചാകാത്ത പുഴുവും കെടാത്ത തീയും.

നേരം ഏറെക്കഴിഞ്ഞപ്പോഴാണ് റാഹേലമ്മ ആ മുറിക്കുള്ളിലേയ്ക്ക് കടന്നു ചെന്നത്. ഇടതു കൈ നെഞ്ചിലമർത്തി തറയിൽ കമിഴ്ന്നുകിടക്കുന്ന പുനലൂരാനെയാണ് അവർ കണ്ടത്. ആ ശരീരം തണുത്തു വിറങ്ങലിച്ചിരുന്നു. അപ്പോൾ പടിഞ്ഞാറേ ചക്രവാളത്തിൽ ഇരുളിൻെറ കരാളിമ തെളിഞ്ഞു വരികയായിരുന്നു. അസ്തമയസൂര്യൻെറ ദുഃഖം ആ മുറിയിൽ തളംകെട്ടി നിന്നിരുന്നു. എന്നിട്ടും റാഹേലമ്മ മോഹാലസ്യപ്പെട്ടില്ല. നാം തമ്മിലുള്ള ഉടമ്പടി അവസാനിച്ചിരിക്കുന്നു. നിങ്ങൾ മരിച്ചിരിക്കുന്നു. എങ്ങനെയാണിതു ലോകത്തെ അറിയിക്കുക. അതിന് ഒറ്റ മാർഗ്ഗമേയുള്ളു. അലറിവിളിക്കുക. പാരമ്പര്യം അങ്ങനെയായിപ്പോയില്ലേ? ചടങ്ങുകളെല്ലാം നിർവഹിക്കപ്പെടേണ്ടതല്ലേ? ‘എടാ മോനേ, ഓടിവാടാ. . . . .ആ ശബ്ദത്തിന് പലവിധ താളങ്ങൾ ഉണ്ടായി. കേട്ടവർ ഞെട്ടി. കണ്ടവർ കരഞ്ഞു. എല്ലാവരെയും വിട്ടുപിരിയുന്ന അഥവാ എല്ലാവരാലും കൈവിടപ്പെടുന്ന ആ നിമിഷം സനാതനത്വത്തിൻെറ നിലനിൽപ്പ് വിളംബരം ചെയ്യപ്പെടുന്നു. ‘മനുഷ്യാ നീ മണ്ണാകുന്നു.’ സരോജിനി കരഞ്ഞു. ഒപ്പം ബാബുവും. മണിക്കൂറുകൾക്കു മുമ്പ് ഗൗരവത്തോടെ കയർത്ത മുഖം ഇപ്പോളിതാ ചേതസറ്റ് നിഷ്പ്രഭമായി വിളറിയിരിക്കുന്നു. എവിടെ മത്തായി പുനലൂരാനെന്ന മുതലാളി? റ്റൈറ്റസ് കരഞ്ഞില്ല. ദുംഖം തോന്നിയതുമില്ല. എന്തിനു കരയണം. ജനിച്ചുവീഴുന്ന കുഞ്ഞ് അപ്പഴേ മരിക്കാൻ വിധിക്കപ്പെടുകയല്ലേ? മനുഷ്യൻെറ മരണം ശാപമല്ല, അനുഗ്രഹമാണ്. ഒരിക്കൽ താൻ മരിക്കുമെന്നറിയാതെ ജീവിതം തുടരുന്നവരാണ് ശപിക്കപ്പെട്ടവർ. നിത്യതയെപ്പറ്റി ഉച്ചൈസ്വരം പ്രസംഗിക്കുന്നവർപോലും മരണമെന്ന പദത്തിൽ ഞെട്ടുന്നത് എന്തിനു്?

പുലരുന്ന പ്രഭാതത്തിനു ഒരു പുതുമയും ഉണ്ടായിരുന്നില്ല. എന്നാൽ നാട്ടുകാർ ശോകമൂകരായിരുന്നു. ഒരു മഹാൻ അന്തരിച്ച ദുർദിനമായിരുന്നു അതു്. നാളെ തങ്ങളുടെ വഴിയുമിതു തന്നെയെന്നറിയാതെ മൃതശരീരത്തെ യാത്രയയക്കുന്നതിൽ ജനം ഉത്സുകരായി. വല്ലപ്പോഴും വചനം പറയാൻ വീണുകിട്ടുന്ന ഒരവസരമല്ലേ ഈ മരണം. അതികാലത്തുതന്നെ സ്ഥലംസഭകളിലെ പാസ്റ്റർമാർ എത്തി. ഏതായാലും ഒന്നു പ്രാർത്ഥിക്കാൻ അവസരം തരാതിരിക്കില്ല. പ്രാർത്ഥനയ്ക്കിടയിലെങ്കിലും സ്നാനത്തെപ്പറ്റി ഒന്നു പറയാമല്ലോ. അയലത്തെ ചാക്കോ ഉപദേശി വികാരിയച്ചൻ വരുന്നതിനുമുന്നേ പത്തുമണിക്കുതന്നേ ആ വേദഭാഗം ഉറക്കെ വായിച്ച് പ്രാർത്ഥിച്ചു. ‘യേശു നിക്കോദിമോസിനോട്, വെള്ളത്തിനാലും ആത്മാവിനാലും നീ വീണ്ടും ജനിക്കുന്നില്ലെങ്കിൽ സ്വർഗരാജ്യം കാണുകയില്ല.’ എന്നിരിക്കിലും ഉപസംഹാരത്തിൽ പറഞ്ഞു. ആകയാൽ മരിച്ചവരെപ്പറ്റി നാം ദുഃഖിക്കരുതു. ഈ ദൈവദാസൻ നല്ലപോർ പൊരുത്, വിശ്വാസം കാത്ത് നീതിയുടെ കിരീടത്തിനായി നിത്യതയിൽ ചേർക്കപ്പെട്ടിരിക്കുന്നു. ജനം ആമേൻ പറഞ്ഞു. പട്ടക്കാരുടെ നീണ്ടനിര പുനലൂരാൻെറ മൃതദേഹത്തിനു വട്ടമിട്ടിരുന്നു. എക്യുമെനിസത്തിൻെറ ബന്ധത്തിൽ എല്ലാസഭക്കാരും

അനുശോചനം രേഖപ്പെടുത്തി. നിശ്ചയിക്കപ്പെട്ട സമയത്തിങ്കൽ അഭിവന്ദ്യബിഷപ്പുമാരും എത്തി. സഭയെ സ്നേഹിച്ച ദൈവദാസനെനോക്കി
ഹാ! എന്തു ഖേദം. . .ഈ കാഴ്ച , അതിദുഃഖം മാനവരെ. . . .
എന്തിങ്ങനെ മർത്യകുലം ഖേദത്താൽ വലഞ്ഞീടുന്നു. . .
പിന്നീടെല്ലാം ധൃതിയിലായിരുന്നു. പുസ്തകത്തിൽ എഴുതിവച്ച വരികളിലൂടെ പറുദീസയിലേക്ക് ആ മഹാപാപിയെയും തള്ളിക്കയറ്റി. 'മാമോദീസായാൽ മുദ്രയിടപ്പെട്ടയിവൻ നിൻെറ രണ്ടാമത്തെ വരവിങ്കൽ ഉയിർത്തെഴുന്നേൽക്കുമെന്നുള്ള പ്രത്യാശയിൽ ഞങ്ങൾ ഇവനെ യാത്രയാക്കുന്നു'വെന്ന് പ്രത്യാശയുടെ ശുഭ്രവസ്ത്രമണിഞ്ഞ പട്ടക്കാർ കദനവാചകം ചൊല്ലിത്തീർത്തു. ചുവപ്പങ്കിക്കു മുകളിൽ കറുപ്പണിഞ്ഞ ശ്രേഷ്ഠഇടയൻ ശുദ്ധീകരിച്ച് ഒരു പിടി മണ്ണിട്ട് 'വെട്ടിമൂട്ടെടാ'യെന്നു സിഗ്നൽ കൊടുത്തു.

അന്നു രാത്രി ടൈറ്റസ് ഉറങ്ങിയില്ല. ഉറക്കം വന്നതേയില്ല. ചിന്തകളുടെ ലോകത്ത് നൂലറ്റ പട്ടംപാലെ അയാൾ പരതിക്കിടന്നു. ഒറ്റശ്വാസത്തിൻെറ ബലത്തിൽ നിലനിൽക്കുന്ന ജീവിതകണ്ണികൾ. ഇനി നാളുകൾ കഴിയുമ്പോൾ ഈ കവാടത്തിലും ഒരു തഴുതിട്ട് പൂട്ടപ്പെട്ട് പെയ്തൊലിച്ച് നരിച്ചീറിനും പറവകൾക്കും അഭയസ്ഥാനമായി മത്തായി പുനലൂരാൻെറ പ്രതാപം അനാഥപ്രേതംപോൽ ഒരു കഥമാത്രമായി അവശേഷിക്കയല്ലേ? താനിനി ഒരിക്കലും മടങ്ങിവരാൻ പോകുന്നില്ല. വിരലിലെണ്ണാവുന്ന വർഷങ്ങളിലൂടെ താനും മാറ്റങ്ങളിലേയ്ക്ക് വഴുതപ്പെടും. കുട്ടികൾ ഹൈസ്കൂൾ കഴിയുന്നതോട് അവർ ഈ ലോകത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തേക്ക് വിദ്യാഭ്യാസത്തിൻെറയും, ജോലിയുടെയുമൊക്കെ പേരിൽ അകന്നകന്നു പോകും. ജീവിതയാഥാർത്ഥ്യങ്ങൾ ഇങ്ങനെയെന്ന് നിശബ്ദഭാഷയിൽ പ്രകൃതിപോലും വിളിച്ചു പറയുന്നു. ഇതൊന്നും മനസിലാക്കാതെ ചരിക്കുന്ന മാനവസമൂഹം. തനിക്ക് അനുഭവിക്കാനാവാത്ത സമ്പാദ്യങ്ങൾ താനെന്തിന് വെറുതെ ഇട്ട് നഷ്ടപ്പെടുത്തണം. ഉറക്കത്തിലേയ്ക്ക് വീഴുംമുമ്പ് റ്റൈറ്റസ് ചില തീരുമാനങ്ങൾ ചെയ്തു. നാളെത്തന്നെ എല്ലാം ക്രമപ്പെടുത്തുക. ഒന്നും ആരോടും തുറന്നു പറയണ്ടാ. ലോകത്തിൻെറ ഗതിയനുസരിച്ച് കാര്യങ്ങൾ നീങ്ങട്ടെ. ആരുടെയും സ്വസ്ഥതയ്ക്ക് ഭംഗം വരുത്തണ്ട. അയാൾ ഉറങ്ങി.

അനന്തതയിലെങ്ങോ ചെന്നെത്തിയ പുനലൂരാൻ ഭൂതലത്തിലേയ്ക്ക് ഉളിഞ്ഞുനോക്കി. എല്ലാം വ്യക്തമായി കാണുന്നു. അപ്പോൾ അതാ തൻെറ മകൻ രജിസ്ട്രറാഫീസിൽ വിൽപ്പത്രം തയ്യാറാക്കുന്നു. എന്തിന്?

* * *

നാളുകൾ ഇളഞ്ഞുനീങ്ങി. മൂകത കെട്ടിനിന്ന അന്തരീക്ഷത്തിൽ പെട്ടിയും പ്രമാണവും പെറുക്കി ടൈറ്റസ് കാറിൽ കയറി. എല്ലാം മതിയായി. നിശബ്ദതയുടെ കരിനിഴൽ എവിടെയും. പെറ്റതള്ളയ്ക്ക് മരുമകളേക്കാൾ ഇമ്പം മകളോടുതന്നെ. പിന്നെന്തിനു ഈ പൊല്ലാപ്പിനു താനൊരു കരുവാകണം?.

ഗുഡ് ബൈ.. . . . ഗുഡ് ബൈ, കാർ മെല്ല് ഗ്രാമം വിടുകയായിരുന്നു. നിശബ്ദനായി ഒരു യാത്രയയപ്പ് നൽകുന്ന ലാഘവത്തോട് ബാബു ഡ്രൈവ് ചെയ്തു.

പട്ടണത്തിൻെറ പെരുവഴിയിലേക്ക് കാർ കടന്നതോട് കുട്ടികൾ വാചാലരായി.

'നമ്മൾ തിരിച്ചു പോവാണോ ഡാഡീ?.

'അതേ.'

'വെരി ഗുഡ്, വെരി ഗുഡ്' കാറിന്റെ സീറ്റിൽ താളംപിടിച്ച് അവർ പാടിത്തുടങ്ങി.

'ദുനിയാരെ ദുനിയാ– – –വെരി ഗുഡ്, വെരി ഗുഡ്. . . . ദുനിയാവാലേ. . . . . . . .. .

ആ താളത്തിന്റെ അർത്ഥവും കാരണവും മനസിലാക്കാൻ താമസമുണ്ടായില്ല. 'താൻ ഈ നാടിനെ സ്നേഹിച്ചതുപോലെ അവരും അവരുടെ ജന്മനാടിനെ സ്നേഹിക്കുന്നു. ബാല്യത്തിന്റെ ഓർമ്മകളും, കൗമാരത്തിന്റെ വിക്രിയകളുമാണല്ലോ ജീവിതത്തിന്റെ അടിസ്ഥാനം. നാടുവിട്ടുഴലുന്ന മനുഷ്യനും, കൂടുവിട്ടലയുന്ന പക്ഷിയുമൊരുപോലെ. അഹോവൃത്തിയുടെ സമൃദ്ധിയെ സൗഭാഗ്യമെന്ന് വിശേഷിപ്പിക്കുമ്പോഴും വാർദ്ധക്യത്തിലെത്തിയാലും താൻ 'ജീവിച്ചു'വെന്നൊരു തോന്നൽ മനസിനുണ്ടാകുന്നില്ല. പിന്നെയും മോഹങ്ങൾ മാത്രം ബാക്കി.'

'എന്താ ഡാഡി നമ്മൾ തിരിച്ചു പോകുന്നത്?' കുട്ടികളുടെ കൂട്ടായ ചോദ്യം. പരിഹാസം നിറഞ്ഞ ഒരു കൂട്ടച്ചിരിയും.

'ജസ്റ്റ് ചെയ്ഞ്ച് മൈ മൈൻഡ്'. അധികമൊന്നും പറഞ്ഞില്ല. ഇപ്പോൾതന്നെ തന്റെ താലോലിത സ്വപ്നങ്ങളെല്ലാം വിഡ്ഢിത്വമെന്നവർ മനസിലാക്കിയിരിക്കുന്നു. അതു തുറന്നു സമ്മതിക്കുകകൂടി ചെയ്താൽ ഒരു പക്ഷേ മുഖത്തു നോക്കി 'മൊറാലിറ്റി ഈസ് എ ലാക് ഓഫ് ഓപ്പർച്യൂണിറ്റി'യെന്ന് തുറന്നടിച്ചെങ്കിലോ! വേണ്ടാ! പണ്ട് അമ്മാവൻ ആനപ്പുറത്തുകയറിയതിന്റെ തഴമ്പിനെ ഇന്ന് തൊട്ടുണർത്തുന്ന ആർഷഭാരതസംസ്കാരം കെങ്കേമമായി തന്നെനിലനിൽക്കട്ടെ.

എല്ലാമറിയാവുന്ന സ്വന്തഭാര്യയും ഇപ്പോൾ മുഖം വീർപ്പിച്ച് കുത്തിയിരിക്കുന്നതും ഈ സംസ്കാരം കാരണമാണല്ലോ! മറ്റുള്ളവന്റെ കുറ്റങ്ങൾ കണ്ടുപിടിച്ച് സ്വയം പരിശുദ്ധരാകുക, എല്ലാവരേക്കാലും കേമന്മാരാണെന്നു ആത്മപ്രശംസ നടത്തുക, കഴിഞ്ഞകാലജീവിതത്തിലെ ലൈംഗീകഓർമ്മകളെല്ലാം പാപങ്ങളെന്ന് മനസാക്ഷി ഓർമ്മിപ്പിക്കുമ്പോൾ ഇന്നെന്ന വർത്തമാനത്തെ സ്നേഹിക്കാൻ കഴിയാതെ ഞരങ്ങുക. തെറ്റുകളെ രഹസ്യമായി ചെയ്യുമ്പോൾ ജീവിതം തന്നെ ഒരു രഹസ്യമായി മാറുന്നു. ഇത്തരം ബന്ധനങ്ങളിൽ നിന്ന് മനുഷ്യർ സ്വതന്ത്രരാകേണ്ടിയിരിക്കുന്നു. 'ഇന്നലെകളെ മറക്കുക'യും നന്മയെ കാംക്ഷിക്കുകയും ചെയ്യുക മാത്രമാണിതിനൊരു പ്രതിവിധി. ഇന്നലെയുടെ പാപങ്ങൾ നാളെയുടെ ന്യായവിധിക്കായി നമ്മെ വേട്ടയാടുകയില്ല.

ഈ സത്യങ്ങൾ ഇവളെ മനസിലാക്കുകയെന്നതു മാത്രമാണിനി തന്റെ ചുമതല. തന്റെ ഈ ജന്മത്തിൽ പിതൃപാരമ്പര്യമായി തനിക്ക് അവശേഷിച്ചിരിക്കുന്നത് ഇവൾ മാത്രം. എല്ലാ സത്യങ്ങളും തുറന്നു പറയുകയും പോകുംവഴിയിൽവച്ച് സെലീനായെ കൊണ്ട് കാണിക്കയും ചെയ്താലോ?

'വേണ്ടാ' മനസാക്ഷി മന്ത്രിച്ചു. കാരണം സ്ത്രീ ഹൃദയമല്ലേ? അവിഹിതബന്ധം ഭർത്താവറിഞ്ഞെന്ന് ബോദ്ധ്യപ്പെട്ടാൽ അവർ ആദ്യം ശ്രമിക്കുന്നത് ആത്മഹത്യയ്ക്കായിരിക്കും. അതുകൊണ്ട് ഇതൊന്നും വേണ്ടാ. അനായാസേന ഏതൊരു മനുഷ്യനും ചെയ്യാവുന്ന ഒരു നല്ല കാര്യമുണ്ട്. നിരുപാധികം എല്ലാം ക്ഷമിക്കുക. താനും സെലീനായുടെ പിടിയിൽ അകപ്പെട്ടവനല്ലേ?

ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് ടൈറ്റസ് സീറ്റിൽ ഒന്നു നിവർന്നിരിക്കവേ ബാബു പെട്ടെന്ന് കാർ നിർത്തി.

'സംഗതി അപകടം അച്ചായാ.. സംഘർഷം മുറ്റി നിൽക്കുന്ന താലൂക്ക്. പഞ്ചായത്തിലെ അവിശ്വാസ പ്രമേയം. മനുഷ്യനു സ്വസ്ഥത തരില്ല. ഗാന്ധിജി വിഭാവന ചെയ്ത 'പഞ്ചായത്ത്‌രാജ്' നടപ്പിൽ വരുത്തിയതോടു് എട്ടാം ക്ളാസ്സുകാരൻ സംവരണത്തിൽ ഭരിക്കാൻ കയറിയിട്ടുണ്ട്. അയ്യായിരത്തിനും പതിനായിരത്തിനുമൊക്കെ അവൻ കാലു മാറും. മാസാമാസം പുതിയ പ്രസിഡൻറുമാരാണു ഓരോ പഞ്ചായത്തിലും. സത്യാഗ്രഹവും, മൗനജാഥയുമായി എം. പിമാരും എമ്മെല്ലേമാരും.' ബാബു പറഞ്ഞു നിർത്തി.

'എടാ ബാബു റോമാനഗരം വെന്തെരിയുമ്പോൾ വീണ വായിച്ച് രസിച്ച നീറോ ചക്രവർത്തിയേപ്പറ്റി കേട്ടിട്ടില്ലേ! അതുപോലെ മാത്രമേയുള്ളു ഇന്നാട്ടിലെ ഭരണാധികാരികൾ. ഇവിടെ തമ്മിൽത്തല്ലി തലകീറി മനുഷ്യൻ വീണുചത്തുകൊണ്ടിരിക്കയല്ലേ?'

തോക്കും ചൂണ്ടിനിൽക്കുന്ന പോലീസിനിടയിലൂടെ ബാബു കാർ ഡ്രൈവ് ചെയ്തു. ഇരുവശങ്ങളിലേയ്ക്കു കണ്ണുകൾ പായിച്ച ടൈറ്റസ് നാശത്തിലേയ്ക്കുള്ള കാലത്തിൻെറ വികൃതികളെ നോക്കി ജന്മനാടിനെ മനസുകൊണ്ട് ശപിച്ചു. ഈ നാടിനെ ഇന്നു നിലനിർത്തുന്നത് വിദേശമലയാളിയുടെ പണവും, ഈ നാടിൻെറ ഇന്നത്തെ ഗതികേടിനു് ഏക പരിഹാരമാർഗം വിദേശ മലയാളിയുടെ മസ്തിഷ്കവും ആണെന്നറിയാതെ ഓളപ്പുറത്തിരുന്നു ചൂണ്ടയിടുന്ന രാഷ്ട്രീയ മതനേതാക്കന്മാരുടെ ചൂഷണത്തിനു് ഇന്നാട്ടിലെ ജനം ചുമൽ കൊടുത്തിരിക്കയല്ലേ?. അപ്രകാരംതന്നെ നാടിനെ നശിപ്പിക്കുന്ന ഇത്തരക്കാരെ വിദേശരാജ്യങ്ങളിലേയ്ക്ക് എഴുന്നള്ളിച്ച് പൂവിട്ടുപൂജിക്കാൻ ഒരുകൂട്ടം അവിടെയും കച്ചകെട്ടി നിൽക്കയല്ലേ? പാരമ്പര്യത്തിൻെറ കോണകവാലു് പൊക്കിപ്പിടിക്കുന്ന പ്രാചീനജീവികൾ. ശ്ശേ! എന്തൊരു കഷ്ടം! സൈബർയുഗത്തിൻെറ വാതിൽപ്പടിയിലൂടെ അടുത്ത മിലേനിയത്തിലേയ്ക്ക് യാത്ര ചെയ്യുന്ന മനുഷ്യാ നീ അറിയേണ്ടുന്ന ഒരു സത്യം ഉണ്ടു്. മനുഷ്യൻ ജനിച്ചുകഴിഞ്ഞാൽ അവൻ അനശ്വരനാണു്. മരണം മനുഷ്യൻെറ അന്ത്യമല്ല. രംഗം മാറുക മാത്രമാണു് അപ്പോൾ സുകൃതം ചെയ്യുകയെന്നതുമാത്രമാണ് മനുഷ്യത്വം. ഈ ലോകത്തെ സൃഷ്ടിച്ച് നാനാവിധേന സജ്ജമാക്കി വെച്ചിരിക്കുന്നതു് മനുഷ്യൻെറ വളർച്ചയ്ക്കു വേണ്ടിയാണു്. അതാണു് പരമലക്ഷ്യം. അങ്ങനെയെങ്കിൽ സമശിഷ്ടങ്ങളെ സ്നേഹിക്കയും എല്ലാവരുംകൂടി ഈ ദൈവീകാനുഗ്രഹം പങ്കു വയ്ക്കയും അല്ലേ വേണ്ടതു്? ലൈംഗികതയെയും, ലഹരികളെയും പാപമെന്നു മുദ്രയിട്ടുകൊണ്ട് കുറെ പാപികളെ ഇവിടെ സൃഷ്ടിക്കുന്ന പരിശുദ്ധരാൽ നിലനിർത്തുന്ന സാമൂഹ്യവ്യവസ്ഥിതിയാണു് ഈ ലോകത്തിൻെറ എക്കാലത്തിലെയും അധഃപതനത്തിൻെറ അടിസ്ഥാനഘടകം.

'എടാ ബാബു , തൊണ്ണൂറ്റാറ് പേർ ഒരു ദിവസം ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നു. നൂറ്റി അറുപതു പേർ അമേരിക്കയിലും.'

'നാളെ തൊണ്ണൂറ്റിയേഴുപേർ ഇവിടെ ആത്മഹത്യ ചെയ്തിരിക്കും അച്ചായാ.' ജീവിതാവകാശം നിഷേധിക്കപ്പെടുന്നവർക്കു് ആത്മഹത്യയല്ലാതെ വേറൊരു പോംവഴിയുമില്ല.' ബാബു ഉത്തരം പറഞ്ഞു.

ബാബുവിൻെറ ഉത്തരം കാലത്തിൻെറ ഗതിയെന്നേ ടൈറ്റസ് മനസിലാക്കിയുള്ളു. ഒരു നിത്യസത്യത്തിൻെറ ചുരുൾ നിവർത്താൻ ടൈറ്റസ് ഒരുമ്പെട്ടു. മക്കളോടും

ഭാര്യയോടും നേരെ പറയാൻ ആവാത്ത വിഷയങ്ങളെ പൊതുവായി അവതരിപ്പിക്കുകയും അത് അവർ കേട്ട് മനസിലാക്കുമെന്നുള്ള ബോധത്തോടു്.

‘എടാ ബാബു പ്രേമനൈരാശമോ, അവിഹിതബന്ധത്തിൽ കൂടിയുള്ള ഗർഭമോ, ധനം നഷ്ടപ്പെടുന്നതോ, മാതാപിതാക്കളോടുള്ള നീരസമോ, സമൂഹത്തോടുള്ള വെറുപ്പോ ഇതൊന്നും ആത്മഹത്യയ്ക്കു കാരണമാകരുത്. ആത്മഹത്യ ഭീരുത്വമാണു്. പരിഹാരമില്ലാത്ത ഒരു പ്രശ്നവും ലോകത്തില്ല. ജനിച്ച മനുഷ്യൻ ജീവിക്കാൻ അവകാശപ്പെട്ടവനാണു്. ഇന്നലെകളെ മറക്കുക. നാളെയെ ന്നതു മാത്രമായിരിക്കണം ലക്ഷ്യം.’ മോളിയുടെ മനസിൽ ആഞ്ഞുപതിക്കട്ടെയെന്നു കരുതി ഒന്നുകൂടി എടുത്തു പറഞ്ഞു. ‘ഇന്നലകളെ മറക്കുക, നാളെയെന്നതു മാത്രമായിരിക്കണം ലക്ഷ്യം.’ എയർപോർട്ടിനോടടുക്കും തോറും ടൈറ്റസിൻെറ മനസിൽ വിഷാദം തളം കെട്ടുകയായിരുന്നു. ജന്മനാടിനോട് ഒരു അന്ത്യയാത്ര പറയേണ്ടി വരിക. അതും മദ്ധ്യായുസിൽ!